നവകേരളം കർമപദ്ധതി
# നവകേരളം വാർത്ത
2025 ജനുവരി വാല്യം 1
ന്യൂസ് ലെറ്റർ
ഓൺലൈൻ


# ഹരിതചട്ടം പാലിച്ച് സംസ്ഥാന സ്കൂൾ കലോത്സവം



തിരുവനന്തപുരത്തു നടന്ന അറുപത്തി മൂന്നാമത് സംസ്ഥാന സ്കൂൾ കലോത്സവം അക്ഷരാർത്ഥത്തിൽ ഒരു ഹരിതോത്സവമായി മാറി. ഹരിതചട്ടം നടപ്പിലാക്കുന്നതിലും പാലിക്കുന്നതിലും വിദ്യാർത്ഥികളും രക്ഷിതാക്കളും അധ്യാപകരും പൊതുജനങ്ങളും കാണികളും ഒരേ മനസ്സോടെ അണിനിരന്നപ്പോൾ പുതിയൊരു മാതൃക സൃഷ്ടിക്കപ്പെട്ടു. മത്സരങ്ങൾ നടന്ന 25 വേദികളിലും ഹെൽത്ത് ഇൻസ്പെക്ടർമാരും നൂറുകണക്കിന് ഹരിത കർമസേനാംഗങ്ങളും ശുചീകരണ തൊഴിലാളികളും വോളന്റിയർമാരും ചേർന്നു നടത്തിയ വിശ്രമ രഹിതമായ പ്രവർത്തനങ്ങളോടൊപ്പം ഹരിതചട്ടം പരിപൂർണമായി പാലിക്കുന്നതിൽ സംഘാടകരും മേളയിൽ പങ്കെടുക്കാനെത്തിയ മുഴുവൻ പേരും ഒന്നിച്ചുചേരുകയായിരുന്നു. ഹരിത കർമസേനയുടെ നേതൃത്വത്തിൽ ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കൽ, പ്ലാസ്റ്റിക് ബോട്ടിൽ ഉപയോഗിക്കുന്നവരിൽ നിന്നും പ്ലാസ്റ്റിക് അറസ്റ്റ് എന്ന നിലയിൽ പിന്നീട് തിരികെ നൽകുന്ന 10 രൂപ പിഴ തുടങ്ങിയ പ്രവർത്തനങ്ങളും മുൻകരുതലുകളും വഴി ശുചിത്വം ഉറപ്പാക്കി. താൽക്കാലിക ടോയ്‌ലെറ്റുകളും മൊബൈൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയും പ്രധാന മേഖലകളിൽ സ്ഥാപിച്ചിരുന്നു. എല്ലാ വേദികളിലും മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്നതിനായി ജൈവ മാലിന്യ ശേഖരണ ബിന്നും അജൈവമാലിന്യ ശേഖരണ ബിന്നും സ്ഥാപിച്ചിരുന്നു.

## ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ കണക്കെടുപ്പ് അനിവാര്യം : മന്ത്രി എം.ബി. രാജേഷ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലെ ജൈവ മാലിന്യ സംസ്കരണ ഉപാധികളും അവയുടെ കണക്കെടുപ്പും നടത്തുന്നതിലൂടെ കേരളത്തിൽ ആകെയുള്ള ജൈവമാലിന്യ സംസ്കരണ ഉപാധികൾ സംബന്ധിച്ചുള്ള സമഗ്രമായ വിവരമാണ് ഉദ്ദേശിക്കുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലെ ജൈവ മാലിന്യ സംസ്കരണ ഉപാധികളും അവയുടെ അവസ്ഥാപഠനവും കണക്കെടുപ്പും നടത്തുന്നതിന്റെ സംസ്ഥാന തല ഉദ്ഘാടനം പാലക്കാട് കൊടുമ്പ് കാടാങ്കോട്ടെ മന്ത്രിയുടെ വസതിയിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹരിത കർമസേന പ്രവർത്തകർ മന്ത്രിയിൽ നിന്നും കുടുംബത്തിൽ നിന്നും വിവരശേഖരണം നടത്തിയാണ് സർവേയുടെ ഉദ്ഘാടനം നടത്തിയത്. മാലിന്യമുക്ത നവകേരളം ക്യാമ്പയിനിലൂടെ വലിയ പുരോഗതി കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു. മാലിന്യമുക്ത കേരളം ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ലക്ഷ്യം നേടുന്നതിന് സർവേ അനിവാര്യമാണെന്നും മന്ത്രി വ്യക്തമാക്കി.



## അന്തർദേശീയ നിലവാരമുള്ള സ്കൂൾ കെട്ടിടങ്ങൾ നവകേരളത്തിന്റെ മുഖച്ഛായ : മന്ത്രി ആർ. ബിന്ദു

അന്തർദേശീയ നിലവാരത്തിലുള്ള കെട്ടിടങ്ങളും അതിനനുയോജ്യമായ സൗകര്യങ്ങളും പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാനുള്ള കേരള സർക്കാരിന്റെ ലക്ഷ്യത്തിന്റെ ഭാഗമാണെന്ന് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. തൃശൂർ അടാട്ട് ഗ്രാമപഞ്ചായത്തിലെ ചൂരക്കാട്ടുക്കര



ഗവ. യു.പി. സ്കൂളിൽ വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല സർക്കാർ ഉയർത്തിപ്പിടിക്കുന്ന നവകേരളം എന്ന ആശയത്തിന്റെ മുഖച്ഛായയാണ്. കേരളത്തെ ഒരു നവവൈജ്ഞാനിക സമൂഹമാക്കി മാറ്റുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. ഒരു കോടി രൂപ ചിലവഴിച്ച് നിർമ്മിച്ച പുതിയ കെട്ടിടത്തിൽ രണ്ട് നിലകളും അഞ്ച് ക്ലാസ്സ് മുറികളുമാണുള്ളത്. ഉദ്ഘാടന സമ്മേളനത്തിൽ വടക്കാഞ്ചേരി എം.എൽ.എ സേവ്യർ ചിറ്റിലപ്പിള്ളി അധ്യക്ഷത വഹിച്ചു.

## എഡിറ്റോറിയൽ

# സംസ്ഥാന വ്യാപകമായി ഹരിത പ്രഖ്യാപനങ്ങൾ



മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ വിവിധ ഇടങ്ങളിലായി ഹരിത പ്രഖ്യാപനങ്ങൾ നടക്കുകയാണ്. മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ശാസ്ത്രീയ മാലിന്യ സംസ്കരണത്തിനു വേണ്ടി നടപ്പാക്കിയ ചെറുതും വലുതുമായ പദ്ധതികളുടെ ഫലമായാണ് ഈ പ്രഖ്യാപനങ്ങൾ. പ്രാദേശികമായി സൃഷ്ടിക്കപ്പെട്ട നിരവധി ശുചിത്വ മാതൃകകളും ഇതിൽ ഉൾപ്പെടുന്നുണ്ട്.

നഗരങ്ങളും ഗ്രാമങ്ങളും സ്ഥാപനങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളും വൃത്തിയിലൂടെയും ഹരിത പെരുമാറ്റച്ചട്ടം പാലിക്കുന്നതിലൂടെയും ഹരിത പദവി നേടി ഒന്നൊന്നായി പ്രഖ്യാപനങ്ങൾ നടത്തുകയാണ്. ജനകീയ ക്യാമ്പയിന്റെ സുപ്രധാന ഘട്ടങ്ങളിൽ ഒന്നായ ജനുവരി 26 ന് കൂടുതൽ ഹരിത പ്രഖ്യാപനങ്ങൾക്കൊരുങ്ങുകയാണ് സംസ്ഥാനം. അന്ന് മിക്ക ജില്ലകളിലെയും വിദ്യാലയങ്ങളും കലാലയങ്ങളും നൂറുശതമാനം ഹരിത പദവിയിലെത്തും. നിശ്ചയിക്കപ്പെട്ട കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കി സൗന്ദര്യവത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വ്യാപാരി വ്യവസായി സംഘടനകൾ, ഗ്രന്ഥശാലകൾ, രാഷ്ട്രീയ പാർട്ടികൾ, തൊഴിലാളി സംഘടനകൾ, യുവജന പ്രസ്ഥാനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ ഏകോപിപ്പിക്കുകയാണ്.

പരിസ്ഥിതി പുനസ്ഥാപനം, പുഴ പുനരുജ്ജീവനം, ജലസംരക്ഷണം തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങളും മാലിന്യമുക്ത നവകേരളത്തിനായുള്ള യജ്ഞത്തിൽ അനുപൂരകങ്ങളായി വർത്തിക്കുകയാണ്.

കൂട്ടായ്മയും ജനകീയ പങ്കാളിത്തവും സൃഷ്ടിച്ച മുന്നേറ്റമാണ് നാമിപ്പോൾ കാണുന്നത്. അതുകൊണ്ടുതന്നെ പ്രവർത്തന നേട്ടങ്ങൾ മുൻനിർത്തിയുള്ള ഈ പ്രഖ്യാപനങ്ങളെല്ലാം ജനകീയ ഹരിത പ്രഖ്യാപനങ്ങളായി അടയാളപ്പെടുകയാണ്. സമ്പൂർണ്ണ ശുചിത്വമെന്ന ലക്ഷ്യത്തിലേയ്ക്കുള്ള ഫലപ്രദമായ വഴി തെളിയുന്നതിനോടൊപ്പം നേടിയവ സുസ്ഥിരമായി നിലനിർത്താനുള്ള മാർഗ്ഗവും തുടക്കത്തിലേ തന്നെ അനുവർത്തിക്കേണ്ടതുണ്ട്. ഇതിനായി രൂപീകരിക്കുന്ന പരിപാലന സമിതികളുടെ പ്രവർത്തനം ഇതിൽ നിർണ്ണായകമാണ്.

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

## സൗന്ദര്യവത്കരിച്ച എടക്കാട് ടൗൺ നാടിന് സമർപ്പിച്ചു

കണ്ണൂർ ധർമ്മടം മണ്ഡലത്തിലെ ചെറുപട്ടണങ്ങളുടെ സൗന്ദര്യവൽക്കരണ പദ്ധതിയുടെ ഭാഗമായി എടക്കാട് ടൗണിൽ പൂർത്തീകരിച്ച സൗന്ദര്യവൽക്കരണം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. റോഡിനിരുവശത്തും ഓവുചാൽ നിർമിച്ചു. ഓടുപാകിയ നടപ്പാതയും കമ്പിവേലിയും സ്ഥാപിച്ച് കാൽനടയാത്രയും സുരക്ഷിതമാക്കി. റോഡരികിൽ പാർക്കിങ് സൗകര്യവും പൊതുസ്റ്റേജും ഒരുക്കി. അലങ്കാരതൂണുകളും വൈദ്യുതി വിളക്കുകളും സ്ഥാപിച്ചു. ഇരുഭാഗത്തും ബസ് ഷെൽട്ടറും നിർമിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് പി.വി. പ്രേമവല്ലി ചടങ്ങിൽ അധ്യക്ഷയായി.




## കുഞ്ഞിപ്പെട്ടി അരി ബ്രാൻഡ് നാടിന് സമർപ്പിച്ചു

ഇടുക്കി കട്ടമുടിക്കുടി പാടശേഖരത്തിൽ വിളഞ്ഞ നെല്ല് ഇനിമുതൽ കുഞ്ഞിപ്പെട്ടി അരി എന്ന ബ്രാൻഡിൽ വിപണിയിലെത്തും. ബ്രാൻഡ് ചെയ്ത അരിയുടെ ആദ്യ പാക്കറ്റ് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി ഒ ആർ കേളു പാടശേഖരസമിതിയിൽ നിന്നും ഏറ്റുവാങ്ങി. ബ്രാൻഡ് ചെയ്ത അരിയുടെ ലോഗോയും പ്രകാശനം ചെയ്തു.

നെല്ല് വ്യാവസായിക അടിസ്ഥാനത്തിൽ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉടൻ ആരംഭിക്കും. രണ്ട് മാസത്തിനുള്ളിൽ അരി വിപണിയിൽ ലഭ്യമാകും.




പാടശേഖരത്തെ യന്ത്രവൽക്കരിക്കുന്നതിന്റെ ഭാഗമായി 7 ലക്ഷം രൂപയുടെ വിവിധ കാർഷിക യന്ത്രങ്ങളുടെ പദ്ധതി ഉടൻ നടപ്പിലാക്കും. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ സംയോജിപ്പിച്ചു കൊണ്ടാണ് പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

## പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് സെസ് ഏർപ്പെടുത്തും മന്ത്രി എം.ബി. രാജേഷ്

ഉപയോഗം കുറയ്ക്കുന്നതിനും നിരുത്സാഹപ്പെടുത്തുന്നതിനുമായി പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് സെസ് കൊണ്ടുവരാൻ ലക്ഷ്യമിടുന്നതായി തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് ലഭിക്കണമെങ്കിൽ വേസ്റ്റ് ബിന്നുകൾ നിർബന്ധമായും സ്ഥാപിക്കണമെന്ന നിയമം ഫെബ്രുവരി മുതൽ കർശനമാക്കുമെന്നും മന്ത്രി പറഞ്ഞു. കപ്പൂർ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡ് (പറക്കുളം) കുടുംബശ്രീ നിർമിക്കുന്ന തുണിസഞ്ചി വിതരണത്തിന്റെ ഉദ്ഘാടനവും വ്യാപാരികൾക്കുള്ള വേസ്റ്റ് ബിന്നുകളുടെ വിതരണവും നിർവഹിച്ച്

സംസാരിക്കുകയായിരുന്നു മന്ത്രി.

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കാൻ ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. ബോധവത്കരണത്തിനൊപ്പം ശക്തമായ നിയമ നടപടികൾ കൂടി സ്വീകരിക്കുന്നതു വഴി മാത്രമേ പ്ലാസ്റ്റിക് എന്ന വിപത്തിനെ നേരിടാനാവൂ. പാതയോരങ്ങളിൽ പ്ലാസ്റ്റിക് തള്ളുന്നതിനെതിരെ നടപടി സ്വീകരിക്കാത്ത തദ്ദേശ സ്ഥാപനങ്ങൾക്കെതിരെ പിഴ ചുമത്തുന്നത് സർക്കാറിന്റെ പരിഗണനയിലാണെന്നും മന്ത്രി പറഞ്ഞു. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ - വലിച്ചെറിയൽ വിരുദ്ധ വാരത്തിന്റെ ഭാഗമായാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ തുണി സഞ്ചിയുടെയും വേസ്റ്റ് ബിന്നുകളുടെയും വിതരണം നടത്തിയത്. നയ്യൂർ എ.ജെ.ബി സ്കൂളിൽ നടന്ന ചടങ്ങിൽ കപ്പൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കളത്തിൽ ഷറഫുദ്ദീൻ അധ്യക്ഷത വഹിച്ചു.



## എല്ലാവർക്കും ഭൂമിയും വീടും ലക്ഷ്യം : മന്ത്രി കെ. രാജൻ



എല്ലാവർക്കും ഭൂമിയും വീടും അതിവേഗം ലഭ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി കെ. രാജൻ പറഞ്ഞു. എറണാകുളം കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം പൂർത്തീകരിച്ച 120 വീടുകളുടെ താക്കോൽദാന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സാധാരണക്കാരന്റെ സ്വപ്നമാണ് ഭൂമിയും വീടും. ലൈഫ് ഭവന പദ്ധതി പ്രകാരം 3,42000 വീടുകൾ നിർമ്മിച്ച് നൽകാൻ കഴിഞ്ഞു. 4,82000 വീടുകൾ നിർമ്മാണം പുരോഗമിക്കുന്നു. കേരളത്തിൽ ലൈഫ് വീടുകൾക്ക് ഒരു വിധത്തിലുള്ള ബ്രാൻഡിംഗും അനുവദിക്കില്ലെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. മാത്രമല്ല പൊതുസ്വഭാവമില്ലാത്ത നിർമ്മാണ രീതിയിലാണ് ലൈഫ് വീടുകൾ നിർമ്മിക്കുന്നത്. സർക്കാരിൽ നിന്ന് സൗജന്യമായി ലഭിക്കുന്ന വീടുകൾ എന്ന യാതൊരു അടയാളവും ഉണ്ടാകരുതെന്നാണ് സർക്കാരിന്റെ നിലപാട്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും കൂടുതൽ വീടുകളും കൂടുതൽ സൗകര്യങ്ങളും ഏർപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു. വിവിധ ഏജൻസികളുടെ ഏകോപനത്തോടെ വീടില്ലാത്തവർക്ക് വീട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച നിയമസഭാ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ എം എൽ എ പറഞ്ഞു.

## പ്രമേഹത്തെ മാറ്റി നിർത്താൻ കർമപരിപാടി

പ്രമേഹം ബാധിക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാക്കാൻ സംസ്ഥാന ആരോഗ്യ വകുപ്പ് ആക്ഷൻ പ്ലാൻ തയ്യാറാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഹ്രസ്വകാലവും ദീർഘ



കാലവും അടിസ്ഥാനമാക്കിയാണ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നത്. പ്രമേഹ രോഗ ചികിത്സയിൽ റോഡ്മാപ്പ് തയ്യാറാക്കാൻ അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിക്കും. സംസ്ഥാന തലത്തിൽ പ്രീ കോൺക്ലേവ് സംഘടിപ്പിച്ച് അതുകൂടി ഉൾക്കൊണ്ടാണ് അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിക്കുക. അന്തർദേശീയ തലത്തിൽ പ്രമേഹ രോഗ ചികിത്സയിൽ വന്നിട്ടുള്ള നൂതന സംവിധാനങ്ങളും, ചികിത്സാവിധികളും ആരോഗ്യ വകുപ്പിലെ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും പരിചയപ്പെടുത്തുക എന്ന ഉദ്ദേശത്തോടു കൂടി ജനപങ്കാളിത്തത്തോടെയാണ് കോൺക്ലേവ് നടത്തുക.

## ഹരിത ടൗൺ ശുചീകരണം എടക്കര ഗ്രാമപഞ്ചായത്ത്




മലപ്പുറം ജില്ലയിലെ എടക്കര ഗ്രാമപഞ്ചായത്തിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഹരിത ടൗൺ ക്യാമ്പയിനോടനുബന്ധിച്ച് എടക്കര ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ പാലേമാട് സ്കൂളിലെ എൻ.എസ്.എസ്., SPC, സ്കൗട്ട് ആൻഡ് ഗൈഡ്സ്, NCC വിദ്യാർത്ഥികളും പഞ്ചായത്ത് ശുചീകരണ പ്രവർത്തകരും, ഹരിത കർമസേന അംഗങ്ങളും സംയുക്തമായി പാലേമാട് ഹരിത ടൗൺ ആക്കുന്നതിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനം നടത്തി. പരിപാടിയുടെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഒ.ടി. ജെയിംസ് നിർവഹിച്ചു. ചടങ്ങിൽ വൈസ് പ്രസിഡണ്ട് ആയിഷ കുട്ടി അധ്യക്ഷത വഹിച്ചു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സിന്ധു പ്രകാശ്, വാർഡ് മെമ്പർമാരായ മോഹനൻ, ജബ്ബാർ, ലിസി, പിടിഎ പ്രസിഡന്റ് അജയകുമാർ, HM രേഖ, പഞ്ചായത്ത് അക്കൗണ്ടന്റ് അനീഷ് ടി.എ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ ശിൽപ പി., ഹെൽത്ത് ഇൻസ്പെക്ടർ അമ്പിളി എന്നിവർ ഉൾപ്പെടെ 200 ഓളം പേർ പങ്കെടുത്തു.

## ഹരിത ടൂറിസം പ്രഖ്യാപനം

ആലപ്പുഴ നഗരസഭയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ വിജയാ പാർക്ക്, സിവ്യൂ അഡ്വഞ്ചർ പാർക്ക് എന്നിവ നഗരസഭ ചെയർപേഴ്സൺ കെ.കെ. ജയമ്മ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു



# തെരുവപുൽ നടീലും പരിശീലനവും സംഘടിപ്പിച്ചു

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഇടുക്കി ജില്ലയിലെ അടിമാലിയിൽ അത്യുൽപാദനശേഷിയുള്ള തെരുവപുൽ നടീലും അനുബന്ധ കാർഷിക പരിശീലനവും സംഘടിപ്പിച്ചു. അടിമാലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൗമ്യ അനിൽ ഉദ്ഘാടനം ചെയ്തു. അടിമാലി വാളറ കേന്ദ്രീകരിച്ച് തെരുവപുൽ കൃഷിയിൽ താല്പര്യമുള്ള കർഷകർക്ക് കേന്ദ്ര ഔഷധ സുഗന്ധവിള ഗവേഷണ കേന്ദ്രം - ബാംഗ്ലൂർ (CIMAP) നിന്നുള്ള ശാസ്ത്രജ്ഞൻ യോഗേന്ദ്ര ഡി. ആണ് പരിശീലനം നൽകിയത്. കർഷകർക്ക് അധിക വരുമാനം ഉറപ്പാക്കൽ, മണ്ണ് - ജല സംരക്ഷണം എന്നീ ലക്ഷ്യങ്ങളോടെ വാളറ മേഖലയിൽ വന്യമൃഗശല്യം കാരണം തരിശായി കിടക്കുന്ന കൃഷി സ്ഥലങ്ങളിൽ തെരുവപ്പുൽ കൃഷി വ്യാപിപ്പിക്കുന്ന പ്രവർ



ത്തനങ്ങൾ നടന്നുവരികയാണ്. കേന്ദ്ര ഔഷധ സുഗന്ധവിള ഗവേഷണ കേന്ദ്രം-ബാംഗ്ലൂർ, വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി, കൃഷിഭവൻ, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവരുടെ സംയോജനത്തോടെയാണ് തെരുവപുൽ വ്യാപന പദ്ധതി നടപ്പിലാക്കുന്നത്.

# പുതുവർഷത്തിൽ സുന്ദരിയായി ഉടുമ്പന്നൂർ

പുതുവർഷത്തിൽ ഇടുക്കി ഉടുമ്പന്നൂർ ടൗണിനെ സുന്ദരിയാക്കിയിരിക്കുകയാണ് പഞ്ചായത്ത് ഭരണ സമിതി.




സംസ്ഥാന സർക്കാരിന്റെ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ പ്രധാന ടൗണുകളെയും കവലകളെയും സൗന്ദര്യവൽക്കരിക്കുന്നതിന്റെ ഭാഗമായി റോഡിനിരുവശവും ചെടിച്ചട്ടികൾ സ്ഥാപിച്ചു. പൂർണമായും ബഹുജന പങ്കാളിത്തത്തോടെയും സ്പോൺസർഷിപ്പിലൂടെയും 400ലേറെ ഇലച്ചെടികളാണ് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി ചെടിച്ചട്ടിയിൽ നട്ടുപിടിപ്പിച്ചത്. പദ്ധതി പൂർത്തീകരണം പുതുവർഷ ദിനത്തിൽ പ്രസിഡന്റ് എം. ലതീഷ് ഉദ്ഘാടനംചെയ്തു. വൈസ് പ്രസിഡന്റ് ആതിര രാമചന്ദ്രൻ അധ്യക്ഷയായി.

# പറളിയിൽ കുടിവെള്ള തടയണ പദ്ധതി ശുചീകരണം

ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിന്റെ ഭാഗമായി പാലക്കാട് പറളി ഗ്രാമപഞ്ചായത്തിൽ, പറളി കടവത്ത് കുടിവെള്ള തടയണ പദ്ധതി ശുചീകരണ യജ്ഞം നടന്നു. കോങ്ങാട് എം.എൽ.എ അഡ്വ. ശാന്തകുമാരി പരിപാടി ഉദ്ഘാടനം ചെയ്തു. നവകേരളം കർമപദ്ധതി ജില്ലാ കോഡിനേറ്റർ സൈതലവി സ്വാഗതം പറഞ്ഞ ചടങ്ങിൽ പാലക്കാട് ബ്ലോക്ക് പ്രസിഡന്റ് സേതുമാധവൻ മുഖ്യാതിഥിയായി. പഞ്ചായത്ത് പ്രസിഡന്റ് രേണുക അധ്യക്ഷയായി. തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ അംഗങ്ങൾ, പറളി ഹൈസ്കൂൾ എൻ.എസ്.എസ് വിദ്യാർത്ഥികൾ, മെമ്പർമാർ, മറ്റു പൊതു



പ്രവർത്തകർ ഉൾപ്പെടെ പരിപാടിയിൽ പങ്കെടുത്തു. അടിഞ്ഞുകൂടിയിരിക്കുന്ന കുളവാഴകൾ, പ്ലാസ്റ്റിക് കുപ്പികൾ, കവറുകൾ, ചില്ല് കുപ്പികൾ മുതലായവ പുഴയിൽ നിന്നും നീക്കംചെയ്തു വൃത്തിയാക്കി.

# ഇനി ഞാൻ ഒഴുകട്ടെ : 1612 നീർച്ചാലുകൾക്ക് പുതുജീവൻ

ഇനി ഞാനൊഴുകട്ടെ ജനകീയ ക്യാമ്പയിനിലൂടെ എറണാകുളം ജില്ലയിൽ പുതുജീവനേകിയത് 1612 നീർച്ചാലുകൾക്ക്. ജില്ലയിലെമ്പാടുമായി ആകെ 2823.55 കിലോമീറ്റർ നീർച്ചാലുകൾ ശുചീകരിച്ച് സുഗമമായ നീരൊഴുക്ക് സാധ്യമാക്കി. നീർച്ചാലുകളുടെയും ജലസ്രോതസ്സുകളുടെയും പുനരുജ്ജീവനം ലക്ഷ്യമിട്ട് ഹരിതകേരളം മിഷൻ ആരംഭിച്ച ക്യാമ്പയിനിൽ 2021 ഏപ്രിൽമുതൽ 2024 നവംബർവരെ രണ്ടുഘട്ടമായി നടപ്പാക്കിയ പ്രവൃത്തികളുടെ കണക്കാണിത്. ജില്ലയിൽ 82 തദ്ദേശസ്ഥാപന പരിധിയിൽ വിവിധയിടങ്ങളിലായി 179 കുളങ്ങൾ പുനരുജ്ജീവിപ്പിച്ചു. ജലലഭ്യത ആവശ്യമായ ഇടങ്ങൾ കണ്ടെത്തി 290 കുളം നിർമിച്ചു. 823 കിണറുകൾ റീചാർജ് ചെയ്ത് ജലലഭ്യത



ഉറപ്പാക്കി. 522 കിണറുകൾ പുതുതായി നിർമിച്ചു. 22 സ്ഥിരം തടയണകളും നിർമിച്ചു. ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ ജില്ലയിലാകെ 54 ലാബുകൾ സ്ഥാപിച്ചു. ആകെ 94 പരിശോധന നടത്തി. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്ഥാപനങ്ങളാണ് ക്യാമ്പയിൻ നടപ്പാക്കുന്നത്.

## ജനകീയ ക്യാമ്പയിൻ ഇടുക്കിയിൽ മൂന്നാംഘട്ടത്തിന് തുടക്കമായി

മാലിന്യ മുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ രണ്ടാംഘട്ട ഹരിത പ്രഖ്യാപനവും, മൂന്നാംഘട്ട പ്രവർത്തനങ്ങളുടെ ജില്ലാതല ഉദ്ഘാടനവും കാമാക്ഷി ഗ്രാമപഞ്ചായത്തിലെ തങ്കമണിയിൽ നടന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് K.T. ബിനു ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് റെജി മക്കാട്ട് സ്വാഗതം ആശംസിച്ചു. കാമാക്ഷി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അനുമോൾ ജോസ് അധ്യക്ഷയായി. ജില്ലാ പഞ്ചായത്ത് ആസൂത്രണ സമിതി ഉപാധ്യക്ഷൻ CV. വർഗീസ് മുഖ്യപ്രഭാഷണം നടത്തി. നവകേരളം കർമപദ്ധതി ജില്ലാകോഡിനേറ്റർ ഡോ. അജയ് പി.കൃഷ്ണ ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

ഹരിത വിദ്യാലയങ്ങൾക്കും ഹരിത സ്ഥാപനങ്ങൾക്കുമുള്ള സർട്ടിഫിക്കറ്റ് യോഗത്തിൽ വിതരണം ചെയ്തു.



ഡിസംബർ 31 വരെ ജില്ലയിലെ 394 വിദ്യാലയങ്ങളെ ഹരിത വിദ്യാലയങ്ങളായും 47 കലാലയങ്ങളെ ഹരിത കലാലയങ്ങളായും 1276 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളായും 53 ടൌണുകളെ ഹരിത ടൗണുകളായും 32 പൊതുസ്ഥലങ്ങളെ ഹരിത സുന്ദര പൊതുസ്ഥലങ്ങളായും 4 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായും 51 ശതമാനം അയൽക്കൂട്ടങ്ങളെ ഹരിത അയൽക്കൂട്ടങ്ങളായും പ്രഖ്യാപിച്ചു.

## പള്ളിക്കരയിൽ ഇനി ഹരിത സ്ഥാപനങ്ങൾ

കാസർഗോഡ് പള്ളിക്കര ഗ്രാമപഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങൾ, ആഫീസുകൾ, അങ്കണവാടികൾ എന്നിവ ഹരിത സ്ഥാപനങ്ങളായി സി.എച്ച്. കുഞ്ഞമ്പു എം.എൽ.എ. പ്രഖ്യാപിച്ചു. സമ്പൂർണ്ണ ശുചിത്വ



സുസ്ഥിര സുന്ദര ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായാണ് പ്രഖ്യാപനം നടന്നത്. 39 അങ്കണവാടികൾ, 15 വിദ്യാലയങ്ങൾ, 15 സ്ഥാപനങ്ങൾ എന്നിവ ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപിക്കുകയും 98% വാതിൽപ്പടി ശേഖരണം. 90% ത്തോളം ഹരിത അയൽകൂട്ടങ്ങൾ എന്നിവയുടെ പ്രഖ്യാപനങ്ങളാണ് നടന്നത്. എല്ലാ തോടുകളും മാലിന്യ മുക്തമാക്കുന്നതിന് പരിപാടികൾ ആസൂത്രണം ചെയ്തു. ജനുവരി 26 ന് പഞ്ചായത്ത് മാലിന്യമുക്തമായി പ്രഖ്യാപിക്കും.

## ശുചിത്വ പരേഡുമായി എടവക ഗ്രാമപഞ്ചായത്ത്

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി വയനാട് എടവക ഗ്രാമപഞ്ചായത്ത് ഹരിത കർമസേനയുടെ നേതൃത്വത്തിൽ ദ്വാരക നാലാംമൈലിൽ ശുചിത്വ പരേഡ് സംഘടിപ്പിച്ചു. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ ഹരിത കർമസേനാംഗങ്ങൾ,



മാനന്തവാടി എൻഎസ്എസ് യൂണിറ്റ് വിദ്യാർത്ഥികൾ, വ്യാപാരി വ്യവസായി പ്രതിനിധികൾ, പൊതുജനങ്ങൾ തുടങ്ങിയവർ ബോധവൽക്കരണ,ശുചീകരണ ക്യാമ്പയിനിൽ പങ്കാളികളായി.

മുഴുവൻ ടൗണുകളും, സ്ഥാപനങ്ങളും മാലിന്യമുക്തമാക്കാനുള്ള തീവ്ര ശ്രമത്തിലാണ് പഞ്ചായത്ത് എന്ന് പരിപാടി ഫ്ലാഗ് ഓഫ് ചെയ്തുകൊണ്ട് വൈസ് പ്രസിഡന്റ് ഗിരിജ സുധാകരൻ പറഞ്ഞു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശിഹാബ് അയാത്ത് അധ്യക്ഷത വഹിച്ചു. അജൈവ മാലിന്യ ശേഖരണത്തിന് വ്യാപാരികൾക്കായി ബിൻ വിതരണം ചെയ്തു. തുടർന്ന് ഹരിത കർമ സേനാംഗങ്ങളോടൊപ്പം ഭരണ സമിതി അംഗങ്ങളും, എൻഎസ്എസ് വിദ്യാർത്ഥികളും, വ്യാപാരികളും ചേർന്ന് ടൗൺ ക്ലീനിങ് നടത്തി.

## ജനകീയ കൂട്ടായ്മയിൽ പൂനൂർ പുഴക്ക് പുതു ജീവൻ

കോഴിക്കോട് പൂനൂർ പുഴ വീണ്ടെടുക്കൽ പ്രവർത്തനങ്ങളുടെ ഭാഗമായി ജനകീയ കൂട്ടായ്മയുടെ നേതൃത്വത്തിൽ വീണ്ടെടുക്കൽ പ്രവർത്തനം സജീവമാകുന്നു. ഹരിതകേരളം മിഷന്റെ ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിനിന്റെ ഭാഗമായി കുന്നമംഗലം, കുരുവട്ടൂർ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി പൂനൂർ പുഴ പണ്ടാരപറമ്പ് ഭാഗത്ത് സംഘടിപ്പിച്ച പരിപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിജി പുല്ലുന്നുമ്മൽ ഉദ്ഘാടനം നിർവഹിച്ചു. കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് മെമ്പർ ശശികല അധ്യക്ഷത വഹിച്ചു സംസാരിച്ചു. പൂനൂർ പുഴ സംരക്ഷണ സമിതി പ്രസിഡന്റ് അബൂബക്കർ പടനിലം



സ്വാഗതം പറഞ്ഞു. കട്ടിപ്പാറ പഞ്ചായത്ത് മുതൽ കോരപ്പുഴ വരെയുള്ള പുഴയുടെ സംരക്ഷണത്തിനായി രൂപീകരിച്ച സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ മാതൃകപരമായി ശുചീകരണം നടന്നു വരുകയാണ്. ജനകീയ കൂട്ടായ്മയുടെ നേതൃത്വത്തിൽ ഘട്ടം ഘട്ടമായി പുഴയിൽ അടിഞ്ഞു കൂടിയ മാലിന്യം നീക്കം ചെയ്യുന്ന പ്രവർത്തനവും ഒഴുക്ക് തടസമായി പുഴയിലേക്ക് വീണ മരങ്ങൾ മുറിച്ചു നീക്കം ചെയ്യുന്ന പ്രവർത്തനവും നടന്നു വരുന്നു. നിലവിൽ കൊടുവള്ളി മുതൽ കുരുവട്ടൂർ വരെയുള്ള പുഴയുടെ വിവിധ ഭാഗങ്ങളിൽ ആയി 5 കിലോമീറ്ററോളം ശുചീകരണം നടത്തി.

# പത്തനംതിട്ട നഗരസഭയിൽ ജൈവജ്യോതി ഫുഡ് സ്കേപ്പിംഗ് പദ്ധതി

കൃഷി - പൂന്തോട്ട നിർമ്മാണ രീതികളെ സംയോജിപ്പിച്ച് നടപ്പിലാക്കുന്ന ഫുഡ് സ്കേപ്പിംഗ് പദ്ധതി പത്തനംതിട്ട നഗരസഭയിൽ തുടക്കം കുറിച്ചു. പദ്ധതിയുടെ ഉദ്ഘാടനം പത്തനംതിട്ട നഗരസഭ ചെയർമാൻ അഡ്വ. സക്കീർ ഹുസൈൻ നിർവഹിച്ചു. ആദ്യ ഘട്ടമായി ജൈവ മഞ്ഞൾ കൃഷിയാണ് കലക്ടറേറ്റ് വളപ്പിൽ ആരംഭിച്ചത്. ഒപ്പം പച്ചക്കറികളും നട്ടു. കളക്ടറേറ്റ് ഉൾപ്പെടെയുള്ള ഓഫീസ് സമുച്ചയങ്ങളിൽ നിന്നും ഹരിത കർമസേന ശേഖരിച്ച ജൈവമാലിന്യത്തിൽ നിന്ന് തയാറാക്കിയ പാം ബയോ ഗ്രീൻ മാന്വർ എന്ന സ്വന്തം ജൈവവളമാണ് കൃഷിക്ക് ഉപയോഗിക്കുന്നത്. കളക്ടറേറ്റിൽ അനുവദിച്ചു കിട്ടിയ തരിശായ 20 സെന്റ് സ്ഥലത്താണ് ഹരിത കർമസേന തന്നെ നേരിട്ട് ജൈവ ജ്യോതി എന്ന പേരിൽ കൃഷി ഇറക്കുന്നത്. ഇങ്ങനെ കൃഷി



ചെയ്തു കിട്ടുന്ന ജൈവ മഞ്ഞൾ കൊണ്ട് ഉൽപ്പന്നങ്ങൾ ഉണ്ടാക്കി പൊതു മാർക്കറ്റ് വഴിയും കുടുംബശ്രീ ഓൺലൈൻ പ്ലാറ്റ്ഫോം വഴിയും പൊതുജനങ്ങൾക്ക് എത്തിക്കുക എന്നതാണ് ഫുഡ് സ്കേപ്പിംഗ് പദ്ധതി.

# കോട്ടയത്ത് വലിച്ചെറിയൽമുക്ത പാതയോരങ്ങൾ പദ്ധതി

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ വലിച്ചെറിയൽമുക്ത പാതയോരങ്ങൾ പദ്ധതിക്ക് തുടക്കം. ജില്ലയിൽ എം.സി. റോഡ്, കെ.കെ. റോഡ് തുടങ്ങിയ പ്രധാന പാതയോരങ്ങൾ വലിച്ചെറിയൽ മുക്തമാക്കുകയാണ് ലക്ഷ്യം. കോട്ടയം ജില്ലാ രൂപീകരണത്തിന്റെ 75-ാം വാർഷികത്തിൽ കുറഞ്ഞത് 75



ജംഗ്ഷനുകൾ സൗന്ദര്യവത്കരിക്കുന്ന പദ്ധതി ഇതോടൊപ്പം വിഭാവനം ചെയ്യുന്നു. പാഴ്വസ്തുക്കൾ സ്ഥിരമായി വലിച്ചെറിയുന്ന സ്ഥലങ്ങൾ കണ്ടെത്തി അവിടം കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തും. ഓരോ ചെറിയ പ്രദേശത്തിന്റെയും ചുമതല തദ്ദേശസ്ഥാപന പരിധിയിലുള്ള സംഘടനകൾക്കും ക്ലബ്ബുകൾക്കുമായിരിക്കും. പൊതു ഇടങ്ങളിൽ മാലിന്യ സംസ്കരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടൊപ്പം യുവജനങ്ങളും കൈകോർക്കും. യുവജനകൂട്ടായ്മകൾ, റസിഡൻസ് അസോസിയേഷൻ, രാഷ്ട്രീയസംഘടനകൾ, സർവീസ്-തൊഴിലാളി സംഘടനകൾ, എൻ.ജി.ഒ.കൾ, കലാ-സാംസ്കാരിക സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി പ്രാവർത്തികമാക്കുക. വലിച്ചെറിയൽമുക്ത പാതയോരങ്ങളുടെ ലോഗോയും പ്രകാശനം ചെയ്തു.

# കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ കുട്ടികളുടെ ഹരിതസഭ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി വയനാട് കൽപ്പറ്റ നഗരസഭയിലെ മുഴുവൻ വിദ്യാലയങ്ങളിലെയും തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ പങ്കെടുപ്പിച്ച് കൊണ്ട് ഗുഡലായി ലയൺസ് ടർഫിൽ കുട്ടികളുടെ ഹരിതസഭ സംഘടിപ്പിച്ചു. മുനിസിപ്പാലിറ്റി ചെയർമാൻ ടി. ജെ. ഐസക് ഉദ്ഘാടനം ചെയ്തു. നഗരസഭയിലെ 11 സ്കൂളുകളിൽ നിന്നും 120-ൽ പരം കുട്ടികൾ ഹരിതസഭയുടെ ഭാഗമായി. ഹരിതസഭയിൽ കുട്ടികൾ വിദ്യാലയങ്ങളിലെ വിവിധ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെ കുറിച്ച് വിശദമായ റിപ്പോർട്ട് അവതരിപ്പിച്ചു. കുട്ടികളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ, K.S.W.M.P ഉദ്യോഗസ്ഥർ, മുനിസിപ്പാലിറ്റി H.I എന്നിവർ അടങ്ങുന്ന പാനൽ വിശദമായ മറുപടി നൽകി.

# നെറ്റ് സീറോ കാർബൺ കേരളം : കൊല്ലത്ത് ശിൽപ്പശാല


ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ തദ്ദേശസ്ഥാപനങ്ങളിൽ നടത്തുന്ന പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനമായ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ കൊല്ലം ജില്ലാതല ശില്പശാല സംഘടിപ്പിച്ചു. മാലിന്യം, ഗതാഗതം, കൃഷി തുടങ്ങിയ മേഖലകളിൽ കാർബൺ എമിഷൻ കണക്കാക്കുകയും തുടർന്ന് ഇത് ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമാണ് ആദ്യഘട്ടത്തിൽ ആസൂത്രണം ചെയ്തിരിക്കുന്നത്.




ആദ്യഘട്ടത്തിൽ ജില്ലയിൽ തെന്മല, അലയമൺ, കരവാളൂർ, പട്ടാഴി വടക്ക്, കരിപ്ര, പൂതക്കുളം, നെടുമ്പന, തെക്കുംഭാഗം, പടിഞ്ഞാറേ കല്ലട, ശൂരനാട് തെക്ക് എന്നീ 10 ഗ്രാമപഞ്ചായത്തുകളാണ് ക്യാമ്പയിൻ നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തത്. രണ്ടാംഘട്ടത്തിൽ കൊട്ടാരക്കര നിയോജകമണ്ഡലം സമഗ്ര വികസനവുമായി ബന്ധപ്പെട്ട് ഉമ്മന്നൂർ, കുളക്കട, മൈലം നെടുവത്തൂർ, പൂയപ്പള്ളി, വെളിയം എന്നീ 6 ഗ്രാമപഞ്ചായത്തുകൾ, കൊട്ടാരക്കര നഗരസഭ, പിറവന്തൂർ പനയം എന്നീ 9 തദ്ദേശസ്ഥാപനങ്ങളെയാണ് ക്യാമ്പയിൻ നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ച 10 ഗ്രാമപഞ്ചായത്തുകളിൽ സർക്കാർ ഓഫീസുകൾ, പൊതു ഇടങ്ങൾ, കൃഷിയിടങ്ങൾ എന്നിവയിൽ ആദ്യഘട്ടത്തിൽ സർവ്വേ നടത്തി കാർബൺ എമിഷൻ കണക്കാക്കുകയും വിവിധ പദ്ധതികൾ നടപ്പിലാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിരുന്നു.

# എടക്കൽഗുഹ ഇനി ഹരിതടൂറിസം കേന്ദ്രം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഹരിത ടൂറിസം കേന്ദ്രം, വയനാട് ജില്ലാതല പ്രഖ്യാപനം നടത്തി. ചുള്ളിയോട് സഫ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ പരിപാടി യുടെ ഉദ്ഘാടനം നിർവഹിച്ചു. എടക്കൽ ഗുഹ ടൂറിസം കേന്ദ്രത്തിന്



സർട്ടിഫിക്കറ്റും കൈമാറി. നെന്മേനി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു അനന്ദൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് റ്റിജി ചെറുതോട്ടിൽ സ്വാഗതം പറഞ്ഞു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ്ബാബു ക്യാമ്പയിൻ വിശദീകരണം നടത്തി. ജൈവ അജൈവ മാലിന്യ സംസ്കരണം, ടോയ്‌ലെറ്റുകൾ, ഗ്രീൻ പ്രോട്ടോകോൾ, ദ്രവ മാലിന്യ സംസ്കരണം, പൊതു ശുചിത്വം തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് പ്രഖ്യാപനം നടത്തിയത്.

# പ്ലാസ്റ്റിക് കുപ്പികൾ കൊണ്ട് ഒരു കടലാമ




മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഹരിത കർമസേനാംഗങ്ങൾ ശേഖരിച്ച ആയിരത്തോളം പ്ലാസ്റ്റിക് കുപ്പികൾ ഉപയോഗിച്ച് തൃശൂർ ചാവക്കാട് നഗരസഭ ആരോഗ്യ വിഭാഗം അധികൃതർ ഭീമൻ കടലാമ ശില്പം നിർമ്മിച്ചു നഗരസഭ ആരോഗ്യ വിഭാഗത്തിന്റെ മൂന്നാഴ്ച നീണ്ടു നിന്ന പരിശ്രമത്തിലാണ് കടലാമ രൂപം ഒരുക്കിയത്. എം.കെ. അക്ബർ എം.എൽ.എ. ശില്പത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. ചാവക്കാട് നഗരസഭ ചെയർപേഴ്സൺ ഷീജ പ്രശാന്ത് അധ്യക്ഷത വഹിച്ചു. കൗൺസിലർമാർ, വിവിധ സന്നദ്ധ സംഘടനകൾ തുടങ്ങിയവർ പൊതു ജന പങ്കാളിത്തത്തോടെ ചാവക്കാട് ബീച്ച് പരിസരം ശുചീകരിച്ചു.

## എറണാകുളം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയിൽ പച്ചത്തുരുത്ത്



ഹരിതകേരളം മിഷൻ കൊച്ചി നഗരസഭയുടെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയിൽ പച്ചത്തുരുത്ത് ഒരുക്കി. ലീഗൽ സർവീസസ് അതോറിറ്റി എറണാകുളം കലൂരിൽ ഉള്ള ജില്ലാ കോടതി അനക്സിൽ (സിബിഐ കോടതി കോംപ്ലക്സ്) നടന്ന ചടങ്ങിൽ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറിയും സിവിൽ ജഡ്ജുമായ രജിത ആർ ആർ ഉദ്ഘാടനം നിർവഹിച്ചു. പച്ചത്തുരുത്തിന്റെ ഉദ്ഘാടന പരിപാടിയിൽ ഡിവിഷൻ കൗൺസിലർ രജനി മണി അധ്യക്ഷത വഹിച്ചു.

## സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു

കണ്ണൂർ ജില്ലയിലെ മയ്യിൽ ഇടൂഴി മാധവൻ നമ്പൂതിരി സ്മാരക ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന് സംസ്ഥാന സർക്കാർ ഒന്നരക്കോടി ചെലവിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവർത്തി ഉദ്ഘാടനവും തളിപ്പറമ്പ് മണ്ഡലം സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കമ്പ്യൂട്ടർ ലാബിന്റെ ഉദ്ഘാടനവും തളിപ്പറമ്പ് എംഎൽഎ എം.വി. ഗോവിന്ദൻ മാസ്റ്റർ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ കെ രത്നാകുമാരി അധ്യക്ഷത വഹിച്ചു.





## ഇനി ഹരിത അങ്കണവാടികൾ

കാസർഗോഡ് ബെള്ളൂർ, പരിസ്ഥിതി പരിപാലനത്തിന്റെയും, മാലിന്യ സംസ്കരണത്തിന്റെയും, ജൈവ വൈവിധ്യ സംരക്ഷണത്തിന്റെയും പുതുസംസ്കാരം പുതുതലമുറയ്ക്ക് പകർന്ന് നൽകാൻ കാറഡുക്ക ബ്ലോക്കിലെ ബെള്ളൂർ പഞ്ചായത്തിലെ മുഴുവൻ അങ്കണവാടികളും സജ്ജമായതിന്റെ പ്രഖ്യാപനം നടന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ശ്രീധര സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തുകൊണ്ട് ഹരിത സ്ഥാപന പ്രഖ്യാപനം നടത്തി. ഹരിതകേരളം ആർ.പി. ലോഹിതാക്ഷൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ സംസാരിച്ചു.

# ജബ്ബാർക്കടവ് പാർക്ക് ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു

കണ്ണൂർ ഇരിട്ടി പായം ഗ്രാമപഞ്ചായത്തിലെ ജബ്ബാർക്കടവ് പാർക്ക് ഹരിത ടൂറിസം കേന്ദ്രമായി മാറി. പ്രഖ്യാപന ചടങ്ങ് ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിസന്റ് കെ.വേലായുധൻ ഉദ്ഘാടനം ചെയ്തു. പായം പഞ്ചായത്ത് പ്രസിഡന്റ് പി. രജനി അധ്യക്ഷത വഹിച്ചു.വിനോദ സഞ്ചാര കേന്ദ്രങ്ങളും അവിടേക്കുള്ള വഴികളും ഹരിത പെരുമാറ്റ ചട്ടത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത ടൂറിസം പദ്ധതി സംസ്ഥാനത്ത്



നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായി പായത്തെ ജബ്ബാർക്കടവ് പാർക്കും തെരഞ്ഞെടുക്കപ്പെട്ടിരുന്നു. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി മാലിന്യം നിക്ഷേപിക്കുന്ന പൊതുഇടങ്ങൾ സൗന്ദര്യവൽക്കരിക്കുന്നതിനും പാർക്കുകളാക്കി മാറ്റുന്നതിനും ജനകീയ കൂട്ടായ്മയോടെയുള്ള സാധ്യതകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആലോചിച്ചിരുന്നു. അത്തരത്തിൽ ജനകീയ കൂട്ടായ്മയോടെ നിർമ്മിച്ച താണ് ജബ്ബാർക്കടവ് പാർക്ക്. മാലിന്യ സംസ്കരണം, ശുദ്ധമായ കുടിവെള്ള ലഭ്യത, ജലസ്രോതസ്സുകളുടെ സംരക്ഷണം, ഊർജ്ജ സംരക്ഷണം, തുടങ്ങിയ വിവിധ ഘടകങ്ങൾ സംയോജിപ്പിച്ചു കൊണ്ടാണ് പ്രവർത്തനങ്ങൾ നടത്തിയത്.

# മാലിന്യക്കൂമ്പാരം മാറി.... ഉദ്യാനം ഒരുങ്ങി

മാലിന്യക്കൂമ്പാരം നീക്കിയ ശേഷം അവിടെ ഉദ്യാനവും സെൽഫി പോയിന്റും ഒരുക്കി കൊച്ചി കോർപ്പറേഷനും ഹരിതകേരളം മിഷനും. കതൃക്കടവ്- കൊട്ടക്കനാൽ റോഡിൽ പാലത്തിനു സമീപമുള്ള മാലിന്യക്കൂമ്പാരമാണ് നീക്കിയത്. മേയർ എം. അനിൽ കുമാർ ഉദ്ഘാടനം ചെയ്തു. ഡിവിഷൻ കൗൺസിലർ എം.ജി. അരിസ്റ്റോട്ടിൽ അധ്യക്ഷത




വഹിച്ചു. കൊട്ടക്കനാൽ റോഡിന്റെ തുടക്കം മുതൽ അവസാനം വരെ ശുചീകരണം നടത്തി. പ്രദേശത്തെ പ്രധാന സ്ഥാപനങ്ങളുമായി സഹകരിച്ചാണു പദ്ധതി നടപ്പാക്കിയത്. ആരോഗ്യ സ്ഥിരസമിതി അധ്യക്ഷൻ ടി.കെ. അഷ്റഫ്, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ എസ്. രഞ്ജിനി, ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷൻ പ്രസിഡന്റ് ഡി.ബി. ബിനു, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ നിസ നിഷാദ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എസ്.എം. ശ്യാംലാൽ എന്നിവർ സംസാരിച്ചു.

# പൊന്മുടിയിൽ ഹരിത ഇടനാഴി : ശുചീകരണ യജ്ഞം സംഘടിപ്പിച്ചു

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പൊന്മുടി വിനോദ സഞ്ചാര കേന്ദ്രത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷനും യംഗ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്ററും ചേർന്നാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്. സരസ്വതി കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ 50 വിദ്യാർത്ഥികൾ, ഹരിതകേരളം മിഷൻ, പൊന്മുടി വനസംരക്ഷണ സമിതി, ഹരിത കർമസേനാംഗങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തകർ, യംഗ് ഇന്ത്യൻസ്, വനം വകുപ്പിൽ നിന്നും ഡി.ടി.പി.സി.യിൽ നിന്നുമുള്ളവർ, പെരിങ്ങമ്മല പഞ്ചായത്തിൽ നിന്നുള്ള ജനപ്രതിനിധികൾ തുടങ്ങി 250 ലധികം പേർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. അപ്പർ സാനിട്ടോറിയം, ലോവർ സാനിട്ടോറിയം, കെ.ടി.ഡി.സി കോംപ്ലെക്സ്, എസ്റ്റേറ്റ് റോഡ് എന്നീ സ്ഥലങ്ങൾ പ്രധാനമായും കേന്ദ്രീകരിച്ചാണ് ശുചീകരണം നടത്തിയത്. 112 ചാക്കുകളിലായി പ്ലാസ്റ്റിക് മാലിന്യങ്ങളും ചില്ലുമാലിന്യങ്ങളും മറ്റ് പാഴ്വസ്തുക്കളും വെവ്വേറെ ശേഖരിച്ച് ഹരിത കർമസേന മുഖേന ക്ലീൻ കേരള കമ്പനിക്ക്



സംസ്കരണത്തിന് കൈമാറി. ശുചീകരണത്തിന് ശേഷം വിവിധയിടങ്ങളിൽ ജൈവ അജൈവ മാലിന്യ ശേഖരണത്തിനായി സ്ഥാപിക്കുന്ന ബിന്നുകൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് കൈമാറി. 'മൈ പൊന്മുടി ക്ലീൻ പൊന്മുടി' ക്യാമ്പയിനിലൂടെയാണ് പരിപാടികൾ സംഘടിപ്പിച്ചത്.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246